**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **13-09-2023 - ൽ മറുപടിയ്ക്ക്**

**ആലുവയിൽ പെൺകുട്ടിയെ കൊലപ്പെടുത്തിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കുഞ്ഞുങ്ങളെ തട്ടിക്കൊണ്ട് പോയി ക്രൂരമായി കൊലപ്പെടുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആലുവയിൽ കൊച്ചു പെൺകുട്ടിയെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 28.07.2023 ന് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.720/23 U/s 364, 367, 376AB, 376A, 377, 302 IPC & Sec.4(2), 3(a), 6 r/w 5(m), 5(j), 5(iv) of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു.<br><br>ഇതര സംസ്ഥാനക്കാരനായ പ്രതിയെ 29.07.2023 ന് പോലീസ് അറസ്റ്റ് ചെയ്തു. ബഹു.കോടതി പ്രതിയെ റിമാൻഡ് ചെയ്ത് 01.08.2023 തീയതി മുതൽ പത്ത് ദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു. കസ്റ്റഡി കാലയളവിൽ കൃത്യസ്ഥലങ്ങളിലും താമസ സ്ഥലത്തും മറ്റിടങ്ങളിലും എത്തിച്ച് തെളിവുകൾ ശേഖരിക്കുകയും ശാസ്ത്രീയ തെളിവുകൾ ബഹു. കോടതി വഴി ഫോറൻസിക് സയൻസ് ലാബിലേക്ക് അയച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കുകയുമുണ്ടായി. കേസിൽ 130 സാക്ഷികളുടെ മൊഴി CrPC 161 പ്രകാരവും 6 സാക്ഷികളുടെ മൊഴി CrPC 164 പ്രകാരവും രേഖപ്പെടുത്തി. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി 01.09.2023-ൽ ബഹു. എറണാകുളം അഡീഷണൽ ജില്ലാ സെഷൻസ് (POCSO) കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കുട്ടിയെ കാണാനില്ല എന്ന പരാതി ലഭിച്ച ശേഷം കുട്ടിയെ കണ്ടെത്താൻ പോലീസ് നടത്തിയ അന്വേഷണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കുട്ടിയെ കാണാതായതായി സ്റ്റേഷനിൽ വിവരം ലഭിച്ച ഉടൻ തന്നെ കുട്ടിയെ കണ്ടെത്തുവാൻ പോലീസ് ഊർജ്ജിത അന്വേഷണം നടത്തിയിരുന്നു. |
| (ഡി) | സമാനമായ സംഭവങ്ങൾ | (ഡി) | പോക്സോ കേസുകൾ റിപ്പോർട്ടാകുന്ന ഏത് |

ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ?

സാഹചര്യവും അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അതോടൊപ്പം, സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വിവിധങ്ങളായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി**

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ്

സ്വീകരിച്ചുവരുന്നത്.

ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം കുറ്റക്കാർക്കെതിരെ

അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നു.

**രജിസ്ട്രേഷനുള്ള നടപടികൾ**

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979 ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

**വിവര ശേഖരണം**

ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ

ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി-മാർ, ജില്ലാ പോലീസ് മേധാവിമാർ, എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

**വിചാരണയ്ക്കായി പ്രത്യേക പോക്സോ കോടതികളും കേസ് നടത്തുന്നതിന് പ്രത്യേക പ്രോസിക്യൂട്ടർമാരും**

സംസ്ഥാനത്ത് പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 56 അതിവേഗ പോക്സോ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 54 കോടതികൾ പ്രവർത്തനം ആരംഭിച്ചു. കേസുകൾ അതിവേഗം കൈകാര്യം ചെയ്യുന്നതിന് ഈ കോടതികളിൽ പ്രത്യേക പ്രോസിക്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്.

പോക്സോ കേസുകളുടെ വിചാരണ, അന്തിമതീർപ്പാക്കൽ, പുരോഗതി എന്നിവ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പ്രത്യേക കമ്മിറ്റി (Committee to monitor the progress of trials under the POCSO Act) നിലവിലുണ്ട്. കമ്മിറ്റി മാസത്തിലൊരിക്കൽ കേസുകളുടെ പുരോഗതി വിലയിരുത്തി വരുന്നു. ഇരകളായ കുട്ടികൾ ചിൽഡ്രൻസ് ഹോമുകളിലും

| | | | |
|---|---|---|---|
| | | | സമാനമായ മറ്റു സ്ഥാപനങ്ങളിലും താമസിക്കുന്ന സാഹചര്യങ്ങളിൽ, കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേസുകളുടെ സുഗമമായ നടത്തിപ്പിനും അന്വേഷണ ഉദ്യോഗസ്ഥരുടെയും സാക്ഷികളുടെയും സാന്നിദ്ധ്യം കോടതികളിൽ ഉറപ്പുവരുത്തുന്നതിനും, മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുമായി ആവശ്യമായ മീറ്റിംഗുകൾ ജില്ലാ ജഡ്ജിമാരുടെ ചുമതലയിൽ നടത്തുക, കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉതകുംവിധം പരിശീലനം നൽകുക, ഫോറൻസിക് അന്വേഷണ റിപ്പോർട്ടുകൾ വേഗത്തിലാക്കുക മുതലായ കാര്യങ്ങളിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ